പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 782 — 04/03/2020 ൽ മറുപടിക്ക്

# കന്നുക്കുട്ടി പരിപാലന പദ്ധതി

ചോദ്യം — മറുപടി

**ശ്രീ.എം.ഉമ്മർ** — **അഡ്വ .കെ.രാജു**
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| (എ) | കന്നുക്കുട്ടി പരിപാലനത്തിനുവേണ്ടി എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്ത് ശരാശരി 4 ലക്ഷത്തോളം സങ്കരയിനം കന്നുകുട്ടികൾ ജനിക്കുന്നുണ്ട്. ഇതിൽ 2 ലക്ഷത്തോളം പശുക്കുട്ടികളാണ്. ഇപ്രകാരം ജനിക്കുന്ന മുഴുവൻ പശുക്കുട്ടികൾക്കും ശാസ്ത്രീയ പരിചരണം നൽകുവാൻ കർഷകർക്ക് കഴിയുന്നില്ല. അതിനാലാണ് പശുക്കുട്ടികളെ ദത്തെടുത്ത് ശാസ്ത്രീയമായി വളർത്തി പ്രത്യുൽപാദന ക്ഷമതയും ഉത്പാദന ക്ഷമതയും ക്രമേണ വർദ്ധിപ്പിക്കുന്നതിനും പാലുത്പാദന രംഗത്ത് സ്വയം പര്യാപ്തതയും നേടുന്നതിനായി കർഷകർക്ക് സഹായം നൽകുന്ന **"പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി"** ആവിഷ്കരിച്ച് നടപ്പിലാക്കിയത്. 1976 മുതൽ സംസ്ഥാനത്തു നടപ്പിലാക്കി വരുന്ന ഈ പദ്ധതി നിലവിൽ കേന്ദ്ര-സംസ്ഥാന തദ്ദേശ സ്വയം-ഭരണ സർക്കാരുകളുടെ ധനസഹായത്തോടെ വിവിധ പേരിൽ നടത്തി വരുന്നു. ഇതിൽ 50% വരെ ധന സഹായം സർക്കാർ നൽകും.<br><br>**<u>നിലവിലെ പദ്ധതികൾ</u>**<br><br>**1.ഗോവർദ്ധിനി** - 50% സംസ്ഥാനവിഹിത ഫണ്ട് ലഭ്യമാക്കുന്ന പദ്ധതിയാണിത്. മൃഗാശുപത്രികളിലും കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ചേർക്കുന്ന കർഷകരുടെ 2 പശു/എരുമക്കുട്ടി വരെ ആനുകൂല്യങ്ങൾ ലഭിക്കാം.<br><br>**2.കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി (Calf Adoption Programme)** - 25% സംസ്ഥാന മൃഗസംരക്ഷണ വകുപ്പും 25% തദ്ദേശ സ്വയം-ഭരണ സ്ഥാപനവും വഹിക്കും. പഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉള്ളവർക്കാണ് ഈ പദ്ധതി നൽകുന്നത്. 5 ലക്ഷം രൂപ വാർഷിക വരുമാന പരിധിയുണ്ട്. |

| | | | |
|---|---|---|---|
| | | | വനിതകൾക്കും/പിന്നോക്ക വിഭാഗത്തിനും മുൻഗണനയുണ്ട്.<br><br>**3.ഗ്രാമപഞ്ചായത്ത് പദ്ധതി** - 50% ചെലവും തദ്ദേശ സ്വയം-ഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന ഈ പദ്ധതിയിലും ഗ്രാമസഭകൾ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉള്ളവർക്ക നൽകുന്നു. 5 ലക്ഷം രൂപ വാർഷിക വരുമാന പരിധിയുണ്ട്.<br><br>**4.സ്പെഷ്യൽ ഗോവർദ്ധിനി**-50% കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം (RKVY) മൃഗാശുപത്രികളിലെ കന്നുകുട്ടി ജനന രജിസ്റ്ററിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്ര സഹായം ലഭിക്കുമ്പോൾ മാത്രം നടപ്പിലാക്കും.<br><br>തെരഞ്ഞെടുത്ത പശുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ആരോഗ്യ പരിരക്ഷ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കുന്നു. ഈ പദ്ധതികൾ പ്രകാരം നിലവിൽ ഒരു പശുക്കുട്ടിയ്ക്ക് ₹12,500/- രൂപ സബ്സിഡി ലഭിക്കുന്നു. ഗോവർദ്ധിനി-കന്നുകുട്ടി പരിപാലന പദ്ധതി(CAP) എന്നീ രണ്ടു പദ്ധതികൾക്കുമായി 60 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും, കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവയുടെ ഉൽപ്പാദന -പ്രത്യുൽപാദന ശേഷി വർധിപ്പിക്കുന്നതിനും ഈ പദ്ധതികൾ നിർണായക പങ്ക് വഹിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കന്നുക്കുട്ടികളുടെ പരിപാലനത്തിന് കന്നുകാലി ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത് എന്ന് വിശദമാക്കാമോ; | (ബി) | 4 മുതൽ 6 മാസം വരെയുള്ള കന്നു കുട്ടികളെ വരി ചേർത്ത് 30 മാസം വരെ പകുതി വിലയ്ക്ക് സമീകൃത കാലിതീറ്റ, വിരമരുന്ന്, ഇൻഷ്വറൻസ്, മിനറൽ മിക്സ്ച്ചർ എന്നിവ സബ്സിഡി നിരക്കിൽ നൽകി ശാസ്ത്രീയമായി വളർത്താൻ കർഷകരെ സഹായിക്കുന്നു. ക്ഷീരസംഘം മുഖേനയാണ് ടി തീറ്റ വിതരണം നടത്തി വരുന്നത്. ശാസ്ത്രീയമായ പരിചരണം നൽകുന്നത് മൂലം ആദ്യ പ്രസവം നേരത്തേയാക്കുന്നതിനും തൻമൂലം കർഷകർക്കുള്ള അധിക ചെലവ് കുറയ്ക്കുന്നതിനും ടി പദ്ധതി സഹായകരമാകുന്നു. കന്നുകുട്ടികളെ ഇൻഷ്വർ ചെയ്യുന്നതിനാൽ മരണമോ ഉത്പാദന പ്രത്യുൽപാദന നഷ്ടമോ ഉണ്ടായാൽ പരമാവധി 40,000/-രൂപ വരെ പ്രായമനുസരിച്ച് നഷ്ടപരിഹാരം ലഭിക്കും. |
| (സി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ ആർ.കെ.വി.വൈ പ്രകാരം സ്പെഷ്യൽ ഗോവർദ്ധിനി 2017-18 പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 10,000 കന്നുകുട്ടികളെ പരിപാലിച്ച് വരുന്നു. പദ്ധതിയിലെ ആദ്യ ഗഡുവായ 6,12,00,000/- രൂപ ലഭ്യമായിട്ടുണ്ട്. രണ്ടാം ഗഡു ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ എത്ര കന്നുക്കുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | 1976-77 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ 1996-97, 2000-01 എന്നീ വർഷങ്ങൾ ഒഴിച്ച് ആകെ 7,94,942 കന്നുകുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1976-77 വർഷം മുതലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വർഷം | വരിചേർത്ത കന്നുകുട്ടികളുടെ എണ്ണം |
|---|---|---|
| 1 | 1976-77 | 1673 |
| 2 | 1977-78 | 1705 |
| 3 | 1978-79 | 7867 |
| 4 | 1979-80 | 6955 |
| 5 | 1980-81 | 4962 |
| 6 | 1981-82 | 3925 |
| 7 | 1982-83 | 2621 |
| 8 | 1983-84 | 2152 |
| 9 | 1984-85 | 4024 |
| 10 | 1985-86 | 1090 |
| 11 | 1986-87 | 998 |
| 12 | 1987-88 | 1204 |
| 13 | 1988-89 | 2848 |
| 14 | 1989-90 | 3903 |
| 15 | 1990-91 | 4769 |
| 16 | 1991-92 | 11431 |
| 17 | 1992-93 | 1673 |
| 18 | 1993-94 | 9630 |
| 19 | 1994-95 | 1000 |
| 20 | 1995-96 | 25000 |
| 21 | 1996-97 | NIL |
| 22 | 1997-98 | 30000 |
| 23 | 1998-99 | 10000 |
| 24 | 1999-00 | 10000 |
| 25 | 2000-01 | NIL |
| 26 | 2001-02 | 2067 |
| 27 | 2002-03 | 10777 |
| 28 | 2003-04 | 23683 |
| 29 | 2004-05 | 17941 |

| | | |
|---|---|---|
| 30 | 2005-06 | 21819 |
| 31 | 2006-07 | 21000 |
| 32 | 2007-08 | 21614 |
| 33 | 2008-09 | 23690 |
| 34 | 2009-10 | 23000 |
| 35 | 2010-11 | 37223 |
| 36 | 2011-12 | 12947 |
| 37 | 2012-13 | 74571 |
| 38 | 2013-14 | 39500 |
| 39 | 2014-15 | 84712 |
| 40 | 2015-16 | 29164 |
| 41 | 2016-17 | 73538 |
| 42 | 2017-18 | 45070 |
| 43 | 2018-19 | 83196 |
| | **ആകെ** | **794942** |

സെക്ഷൻ ഓഫീസർ